# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/273/2016 പത്രക്കുറിപ്പ് 2016 **ഡിസംബർ 23**

**പരീക്ഷാഫലം**

2016 ആഗസ്റ്റിൽ നടത്തിയ ഫൈനൽ എം.ബി.എ(റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധികരിച്ചു. മൗണ്ട് സിയോൻ കോളേജ് ഓഫ് എഞ്ചിനിയറിംഗ് കടമ്മനിട്ടയിലെ റെന്റു രഘുകുമാർ (2413/3200) ഒന്നാം റാങ്കും, കാർമൽ എഞ്ചിനിയറിംഗ് കോളേജ് പെരിനാടിലെ ആഷ്‌ലി ബിജു(2386/3200) രണ്ടാം റാങ്കും, മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് തിരുവല്ലയിലെ സറീന റഹീം(2379/3200) മൂന്നാം റാങ്കും നേടി. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ 2017 ജനുവരി 6 വരെ സ്വീകരിക്കും.

2015 ഒക്ടോബറിൽ നടത്തിയ എം.എ ഇക്കണോമിക്സ് പ്രീവിയസ് & ഫൈനൽ ഓൾഡ് സ്കീം(റഗുലർ & പ്രൈവറ്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധികരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ 2017 ജനുവരി 6 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ ഫൈനൽ സെമസ്റ്റർ എം.എസ്‌സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ 2017 ജനുവരി 6 വരെ സ്വീകരിക്കും.

2016 ആഗസ്റ്റിൽ നടത്തിയ മൂന്നാം പ്രൊഫഷണൽ ബി.ഡി.എസ് സപ്ലിമെന്ററി (2008 മുതലുള്ള അഡ്മിഷൻ/ 2008 ന് മുൻപുള്ള അഡ്മിഷൻ)ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 2017 ജനുവരി 5 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഫിസിക്സ് സി.എസ്.എസ് (റഗുലർ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ 2017 ജനുവരി 5 വരെ സ്വീകരിക്കും.

**ദക്ഷിണമേഖല അന്തർസർവ്വകലാശാല യുവജനോത്സവത്തിൽ എംജിക്ക് തിളക്കമാർന്ന നേട്ടം**

ഡിസംബർ 16 മുതൽ 20 വരെ ബാംഗ്ളൂർ യൂണിവേഴ്സിറ്റിയിൽ നടന്ന ദക്ഷിണമേഖല അന്തർ സർവ്വകലാശാല യുവജനോത്സവത്തിൽ ഓവർ ഓൾ റണ്ണറപ്പും ഫൈൻ ആർട്സ് വിഭാഗത്തിൽ ചാമ്പ്യൻഷിപ്പും ഉൾപ്പെടെ മഹാത്മാഗാന്ധി സർവ്വകലാശാല മികച്ച വിജയം കരസ്ഥമാക്കി, കഴിഞ്ഞ വർഷവും സൗത്ത് സോൺ യുവജനോത്സവത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല റണ്ണറപ്പ് കിരീടം കരസ്ഥമാക്കിയിരുന്നു.

ഫോട്ടോഗ്രാഫി – (ജിത്തു ജോർജ്ജ് സ്കൂൾ ഓഫ് ലെറ്റേഴ്സ്) പെയ്ന്റിംഗ് – (വൈശാഖ് പി ആർ, ആർ എൽ വി കോളേജ്, തൃപ്പൂണിത്തുറ) വെസ്റ്റേൺ വോക്കൽ സോളോ – (ജമീമ പോൾ, സി എം എസ് കോളേജ്) പാശ്ചാത്യ സംഘഗാനം – റൂബിൻ ഫിലിപ്പ്, ഐഡ എലിസബത്ത് ജോർജ്ജ്, ജോസഫ് നിർമ്മൽ ആൻഡ്രൂസ് (സി എം എസ് കോളേജ് കോട്ടയം) ഒലീവ് എബ്രഹാം (എസ്.എച്ച് കോളേജ്, തേവര) ഡോണ അച്ചാമ്മ നൈനാൾ (യു സി കോളേജ് ആലുവ) എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി ഡിബേറ്റ് – മിന്ന ജോസ്, രാജശ്രീ പ്രവീൺ (എസ് എച്ച് കോളേജ് നേവര) കാർട്ടൂൺ, പോസ്റ്റർ ഡിസൈൻ – മിഥുൻ രാധാകൃഷ്ണൻ

(ആർ എൽ വി തൃപ്പൂണിത്തുറ) തുകൽ വാദ്യം – ഋഷികേശ് (അക്വിനാസ് കോളേജ് ഇടക്കൊച്ചി) സ്കിറ്റ് – ശ്രീഹരി, ആദിത്യ മുരളീധരൻ, മാളവിക വി, റസ്സൽ വി ആർ, ആഗസ് എൽദോ, ആദർശ് എസ് (യു സി കോളേജ് ആലുവ) എന്നിവർ രണ്ടാം സ്ഥാനവും എസ് എച്ച് കോളേജിലെ മിന്ന ജോസ് എലക്യൂഷൻ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

വിജയികളെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റൻ, പ്രോവൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ, രജിസ്ട്രാർ എം ആർ ഉണ്ണി എന്നിവർ അഭിനന്ദിച്ചു. വിജയികൾ ഫെബ്രുവരി 10 മുതൽ 14 വരെ മഹാരാഷ്ട്ര കോലാപ്പൂരിലെ ശിവാജി യൂണിവേഴ്സിറ്റിയിൽ നടക്കുന്ന അഖിലേന്ത്യാ യൂത്ത്ഫെസ്റ്റിവലിൽ പങ്കെടുക്കുന്നതിനുള്ള തീവ്ര പരിശീലനത്തിലാണെന്ന് ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡൻസ് സർവ്വീസസ് ഡയറക്ടർ ഹരികുമാർ ചങ്ങമ്പുഴ അറിയിച്ചു.

**അടികുറിപ്പ്**

ബാംഗ്ളൂർ യൂണിവേഴ്സിറ്റിയിൽ നടന്ന ദക്ഷിണമേഖല അന്തർ സർവ്വകലാശാല യുവജനോത്സവത്തിൽ ഓവർ ഓൾ റണ്ണറപ്പും ഫൈൻ ആർട്സ് വിഭാഗത്തിൽ ചാമ്പ്യൻഷിപ്പും നേടിയ മഹാത്മാഗാന്ധി സർവ്വകലാശാലാ ടീം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**